LIBRARY ARCHIVES Kerala Legislative Assembly

ലെയ്സ്, ചീറ്റോസ്, കർകറേ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

29 (721) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലെയ്സ്, ചീറ്റോസ്, കർകറേ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ കുട്ടികളിൽ സൃഷ്ടിക്കുന്ന " ഭക്ഷണഅടിമത്വം" സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവയെല്ലാം സംബന്ധിച്ച് ഒരു പഠനംനടത്തി അടിയന്തര നടപടികൾ കൈക്കൊള്ളുമോ ;

(സി) ഇവയുടെ പായ്ക്കറ്റുകൾ സൃഷ്ടിക്കുന്ന മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം സംബന്ധിച്ച് പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ലെയ്സ്, ചീറ്റോസ്, കർകറേ എന്നിവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. ഈ വിഷയത്തിൽ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പായ്ക്കറ്റുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

അനധികൃത ലാബുകളുടെ പ്രവർത്തനം

30 (722) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ ലാബുകൾക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ;

(ബി) യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണം.

(ബി) പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും സേഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. പൊതുജന ആരോഗ്യ ആക്ട് അനുസരിച്ചും ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ചും സേഫ് കേരള പദ്ധതിയിലൂടെ ലാബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

(സി) ലാബുകളിൽ സേഫ് കേരളയുടെ ഭാഗമായി ആരോഗ്യവകുപ്പ് ടീം രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകൾ അടച്ചുപൂട്ടുകയും ഉണനിലവാരം ഉയർത്തുവാൻ നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ ടീമുകൾ രൂപീകരിച്ച് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയവർ അടങ്ങിയ ടീം ലാബുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ അടച്ചുപൂട്ടുകയോ ചെയ്തുവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പാണ് രജിസ്ട്രേഷൻ നൽകുന്നത്.

നെന്മാറ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

31 (723) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. ഏഴ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ഏക കിടത്തിചികിത്സാ കേന്ദ്രമാണ് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly